# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1212 04.02.2019 -ൽ മറുപടിയ്ക്ക്**

## അൺ എയ്ഡഡ് സ്കൂളുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.റോജി എം.ജോൺ** | | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങൾ ഹൈടെക് ആക്കിയതിലൂടെ കൂടുതൽ കുട്ടികളെ പൊതുവിദ്യാലയങ്ങളിലേക്ക് ആകർഷിക്കുവാൻ സാധിച്ചതായി വിലയിരുത്തുന്നുണ്ടോ; | എ) | ഹൈടെക് സ്കൂൾ പദ്ധതിയിലൂടെയും പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ മറ്റ് പ്രവർത്തനങ്ങളിലൂടെയും കൂടുതൽ കുട്ടികളെ പൊതുവിദ്യാലയങ്ങളിലേക്ക് ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| ബി | അത് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകളുടെ എണ്ണത്തിൽ കുറവ് ഉണ്ടാകുന്നതിന് സഹായകമായിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ? | സി) | സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചു പൂട്ടുന്നതിനായി നടപടി സ്വീകരിക്കുകയുണ്ടായി. തുടർന്ന് ഈ സ്കൂളുകൾക്ക് അടച്ചു പൂട്ടൽ നോട്ടീസ് ഉൾപ്പെടെ നൽകുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. എന്നാൽ സ്കൂൾ അധികൃതർ ബഹു: കോടതിയെ സമീപിക്കുകയും ഇടക്കാല ഉത്തരവ് വാങ്ങുകയും ചെയ്തു. ഈ കേസുമായി ബന്ധപ്പെട്ട് കോടതിയിൽ നടന്ന വാദത്തിൽ 2018-19 വർഷം സ്കൂൾ അടച്ച് പൂട്ടുന്ന നടപടി ഉണ്ടാകില്ല എന്ന് സർക്കാർ കോടതിയെ അറിയിക്കുകയും ചെയ്തു. ആയതിനാൽ നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന് പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ